ജനയുഗം 28/6/23

# കേരളത്തിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്ക് അംഗീകാരം

തൃശൂർ: ബംഗളൂരുവിലെ ദേശീയ സെമിനാറിന്റെ ഭാഗമായി നടത്തിയ പ്രദർശന മേളയിൽ കേരളത്തിൽ നിന്നുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ സ്റ്റാൾ ഒന്നാം സ്ഥാനം നേടി. യൂണിവേഴ്സിറ്റി ഓഫ് അഗ്രികൾച്ചറൽ സയൻസസ്, ബംഗളൂരുവും ഇന്ത്യൻ സൊസൈറ്റി ഓഫ് എക്സ്റ്റൻഷൻ എഡ്യൂക്കേഷനും സംയുക്തമായി "ഇന്റഗ്രേറ്റിങ് എക്സ്റ്റൻഷൻ സയൻസ് ടുവാർഡ്സ് സെക്കൻഡറി അഗ്രികൾച്ചർ ഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റ് " എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ബംഗളൂരു കോളജ് ഓഫ് അഗ്രികൾച്ചറിൽ ആണ് നടന്നത്.

ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിനു കീഴിലുള്ള അട്ടാരി, സി.എഫ്.ടി.ആർ.ഐ , എൻ.ഐ.എ.ഇ.എം. തുടങ്ങി നിരവധി പ്രമുഖ സ്ഥാപനങ്ങൾ പ്രദർശന മേളയിൽ പങ്കെടുത്തിരുന്നു. കേരള കാർഷിക സർവ്വകലാശാല, എൻജിഒ, ഐ.സി.എ.ആർ എന്നിവരുടെ നേതൃത്വത്തിലുള്ള കേരളത്തിലെയും ലക്ഷദ്വീപിലെയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ ക്രമീകരിച്ച തെങ്ങ്, മരച്ചീനി, ചക്ക, വാഴ, നെല്ല്, മാങ്ങ, ജാതിക്ക, തേൻ, മില്ലറ്റ്, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങി എല്ലാ പ്രധാന വിളകളിൽ നിന്നുമുള്ള വൈവിധ്യമാർന്ന മൂല്യവർധിത ഉത്പന്നങ്ങൾ ഉൾക്കൊള്ളിച്ചിരുന്ന സ്റ്റാളിനാണ് ഒന്നാം സ്ഥാനം ലഭിച്ചത്.

Scanned with OKEN Scanner